SJD/344/2023-C1

/100677/2023

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 14-06-2023
Email - swdkerala@gmail.com
Phone - 0471 – 2306040

## വിജ്ഞാപനം

സാമൂഹ്യനീതി വകുപ്പിനു കീഴിൽ ട്രാൻസിറ്റ് ഹോം പ്രവർത്തിപ്പിക്കുന്നതിനായി പരമാവധി 30 പേരെ പാർപ്പിക്കുവാനുതകും വിധത്തിൽ സ്ഥല സൗകര്യങ്ങളുള്ളതും, ചുറ്റുമതിലോട് കൂടിയതുമായ 3000 സ്ക്വയർ ഫീറ്റിൽ കുറയാതെയുള്ള കെട്ടിടം വാടകയ്ക്ക് ആവശ്യമുണ്ട്. ട്രാൻസിറ്റ് ഹോം പ്രവർത്തിപ്പിക്കുന്നതിനായി കെട്ടിടം വാടകയ്ക്ക് ലഭ്യമാക്കുവാൻ താത്പര്യമുള്ള സംഘടനകൾ/വ്യക്തികളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു. താത്പര്യമുള്ള സംഘടനകൾ/വ്യക്തികൾ 24/06/2023 തീയതി വൈകുന്നേരം 5 മണിക്കു മുൻപായി കെട്ടിടത്തിന്റെ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തിയ താത്പര്യപത്രം ചുവടെ ചേർക്കുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി www.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

ഡയറക്ടർ, സാമൂഹ്യനീതിവകുപ്പ്
സാമൂഹ്യനീതിവകുപ്പ് ഡയറക്ടറേറ്റ്
5ാം നില, വികാസ് ഭവൻ
തിരുവനന്തപുരം 695033
ഫോൺ- 0471 2306040

സാമൂഹ്യ നീതി ഡയറക്ടർ ക്കുവേണ്ടി
പ്രീതി വിൽസൺ
അസിസ്റ്റന്റ് ഡയറക്ടർ
(PEN No. 692899)
സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

## ട്രാൻസിറ്റ് ഹോം

### എന്താണ് ട്രാൻസിറ്റ് ഹോം?

നിയമവിരുദ്ധമായി രാജ്യത്ത് പ്രവേശിച്ച വിദേശികൾക്കും ശിക്ഷാകാലാവധി കഴിഞ്ഞ് സ്വന്തം നാട്ടിലേക്ക് മടങ്ങാൻ കാത്തിരിക്കുന്നവർക്കും അവരുടെ മാതൃരാജ്യത്തിലേക്ക് മടങ്ങുന്നതിന് ആവശ്യമായ എല്ലാ നിയമനടപടികളും പൂർത്തിയാകുന്നതുവരെ താമസിക്കുന്നതിനുള്ള ഒരു താത്കാലിക താമസസൗകര്യം ഏർപ്പെടുത്തുന്നതാണ് ട്രാൻസിറ്റ് ഹോം. ഈ ഹോമുകളിൽ താമസക്കാരായ സ്ത്രീകൾ/പുരുഷൻമാർ/ട്രാൻസ്ജെൻഡറുമാർ എന്നിവർക്ക് പരമാവധി ഒരു വർഷത്തേക്ക് അല്ലെങ്കിൽ നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ (ഏതാണ് ആദ്യം കഴിയുക എന്നതനുസരിച്ച്) പ്രത്യേകം സൗകര്യങ്ങൾ നൽകുന്നു.

### ലക്ഷ്യങ്ങൾ

പൗരത്വം പാലിക്കാത്തത്; ബന്ധപ്പെട്ട വിദേശ ഗവൺമെന്റിന്റെ യാത്രാരേഖകൾ ലഭിക്കാത്തത്; ബന്ധപ്പെട്ട രാജ്യത്തെ മന്ത്രാലയം വഴിയോ വിമാന/ട്രെയിൻ ടിക്കറ്റ് ക്രമീകരിക്കുന്നതിലെ കാലതാമസം എന്നിവ കാരണം ശിക്ഷ പൂർത്തിയാക്കിയതോ കോടതികൾ വെറുതെ വിട്ടതോ നാട്ടിലേക്ക് മടങ്ങി പോകാൻ കാത്തിരിക്കുന്നതോ ആയ വിദേശപൗരൻമാർക്ക് താത്കാലികതാമസസൗകര്യം ലഭ്യമാക്കുക.

### താമസക്കാർ

മേൽ പ്രസ്താവിച്ചതിൻ പ്രകാരം നാട്ടിലേക്ക് മടങ്ങി പോകാൻ കഴിയാതെയുള്ള ഏതൊരു വിദേശപൗരനും ഒരു ട്രാൻസിറ്റ് ഹോമിലെ താമസക്കാരനാകാം.

### ട്രാൻസിറ്റ് ഹോം കെട്ടിടത്തിന് അവശ്യം വേണ്ട സൗകര്യങ്ങൾ.

- പരമാവധി 30 പേരെ പാർപ്പിക്കുന്നതിനുതകും വിധത്തിൽ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയതും ചുറ്റുമതിലുള്ളതും സുരക്ഷിതവുമായ 3000 സ്ക്വയർ ഫീറ്റിൽ കുറയാതെയുള്ള കെട്ടിടമായിരിക്കണം.
- കുറഞ്ഞത് 4 ബെഡ് റൂം, ഡോർമെറ്ററി മതിയായ ടോയിലറ്റ്, വാഷിംഗ് ഏരിയ എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കണം.
- ഡൈനിംഗ് ഏരിയ, റിക്രിയേഷൻ റൂം, ഓഫീസ് പ്രവർത്തനങ്ങൾ, സെക്യൂരിറ്റി പ്രവർത്തനങ്ങൾക്കായി പ്രത്യേകം സൗകര്യങ്ങളോട് കൂടിയ കെട്ടിടങ്ങൾക്കാണ് മുൻഗണന നൽകുക.
- ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യ ലഭ്യത കെട്ടിടത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.
- കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല സുരക്ഷിതവും അടിയന്തിര സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാകുവാൻ പ്രാപ്തമാകുന്നതരത്തിലും ഗതാഗത സൗകര്യം ഉള്ളതുമായിരിക്കണം.

### കെട്ടിടം കണ്ടെത്തൽ

- ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കുറഞ്ഞത് മൂന്നു വർഷത്തേയ്ക്ക് എങ്കിലും കെട്ടിടം വാടകയ്ക്ക് ലഭ്യമാക്കുന്നതിനു താത്പര്യമുള്ള വ്യക്തികളിൽ/ സംഘടനകളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.
- ലഭ്യമാകുന്ന അപേക്ഷകളിൽ സാമൂഹ്യനീതി വകുപ്പ്, പോലീസ് വകുപ്പ് എന്നിവരുടെ സുരക്ഷാ പരിശോധനയുടെ അടിസ്ഥാനത്തിൽ ട്രാൻസിറ്റ് ഹോമിനു അനുയോജ്യമാണോ എന്ന് വിലയിരുത്തി തുടർ തീരുമാനനം കൈക്കൊള്ളുന്നതാണ്
- കണ്ടെത്തുന്ന കെട്ടിടത്തിന്റെ ഉടമയുമായി കരാറിൽ ഏർപ്പെടുന്നു.
- PWD നിശ്ചയിക്കുന്ന നിരക്കിൽ സർക്കാർ അനുമതിയോടെ വാടക നിശ്ചയിക്കുന്നതാണ്.

/100676/2023

<u>താത്പര്യപത്രത്തോടൊപ്പം ഹാജരാക്കേണ്ടരേഖകൾ</u>

- കെട്ടിടത്തിന്റെ വിശദാംശങ്ങളും, സ്ഥിതി ചെയ്യുന്ന സ്ഥലം സംബന്ധിച്ച വിശദവിവരങ്ങളും( ഫോട്ടോകൾ ഉൾപ്പടെ )
- കെട്ടിടത്തിന്റെ പ്ലാനിന്റെ പകർപ്പ്

പ്രീതി വിൽസൺ
അസിസ്റ്റന്റ് ഡയറക്ടർ
(PEN No. 692899)
സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം